LIBRARY ARCHIVES Kerala Legislative Assembly

ലബോറട്ടറി സംവിധാനങ്ങൾ ഇല്ലാത്ത പി.എച്ച്.സി. കൾ

6 (3437) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ലബോറട്ടറി സംവിധാനങ്ങൾ ഇല്ലാത്ത പി.എച്ച്.സി. കൾ എവിടെയെല്ലാമാണ് എന്നും അവയിൽ മുകായിലാണ്ടി മണ്ഡലത്തിൽപ്പെടുന്നത് ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പി.എച്ച്.സി. കളിൽ ലബോറട്ടറി സംവിധാനമേർപ്പെടുത്താൻ പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ലബോറട്ടറി സംവിധാനങ്ങൾ ഇല്ലാത്ത പി.എച്ച്.സികൾ പി.എച്ച്.സി പനങ്ങാട്, വയലട, എരമംഗലം, കക്കയം, നരിപ്പറ്റ, വേളം, കായക്കൊടി, പുറമേരി, മരുതോങ്കര, കുറുവട്ടൂർ, തിരുവമ്പാടി, കട്ടിപ്പാറ, കിഴക്കോത്ത്, കാക്കൂർ, ചോറോട്, അഴിയൂർ, മടപ്പള്ളി, പെരുവണ്ണാമൂഴി, ആവള, കുത്താളി പന്നിക്കോട്ടൂർ, പുതിയാപ്പ, ഇരിവെള്ളൂർ, ആയഞ്ചേരി, വില്ല്യാപ്പള്ളി, അത്തോളി, കോട്ടൂർ, കായണ്ണ, നടുവണ്ണൂർ, .പെരുമണ്ണ, കാരശ്ശേരി, ബേപ്പൂർ, ചെറുവണ്ണൂർ (നല്ലളം), ചാലിയം, കീഴരിയൂർ, മൂടാടി, ഉറയൂർ, അരിക്കുളം, ഇരിങ്ങൽ, ചെങ്ങോട്ട്കാവ്, ചെറ്റ്യാട്, വാണിമേൽ, ഉണേരി എന്നിവയും കൊയിലാണ്ടി മണ്ഡലത്തിൽപ്പെട്ട പി.എച്ച്.സി ഇരിങ്ങൽ, മൂടാടി, ചെങ്ങോട്ടുകാവ് എന്നീ പി.എച്ച്.സി.-കളും ലബോറട്ടറി സംവിധാനങ്ങൾ ഇല്ലാത്തവയാണ്.

(ബി) എൻ.ആർ.എച്ച്.എം-ന്റെ കോംപ്രിഹെൻസീവ് ഹെൽത്ത് പ്രോഗ്രാം വഴി ലാബുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മരുന്നുകളുടെ ലഭ്യതക്കുറവ്

7 (3438) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആവശ്യത്തിന് മരുന്നുകൾ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണം എന്താണെന്നും ആരാണ് ഇതിന് ഉത്തരവാദി എന്നും വെളിപ്പെടുത്തുമോ ?